പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1010 29.09.2011- ൽ മറുപടിക്ക്

## കാലവർഷക്കെടുതിയിൽപ്പെട്ടവർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.പി മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | നടപ്പുവർഷത്തെ കാലവർഷക്കെടുതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ എത്ര പേർ മരണമടഞ്ഞു എന്ന് വ്യക്തമാക്കുമോ; മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; | (ബി) | 133 പേർ മരണമടഞ്ഞിട്ടുണ്ട്. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകി വരുന്നു. |
| (സി) | വീടുകൾ നഷ്ടപ്പെട്ടവർക്കും, കൃഷി നാശം സംഭവിച്ചവർക്കും ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | വീടുകൾ നഷ്ടപ്പെട്ടവർക്കും, കൃഷി നാശം സംഭവിച്ചവർക്കും നഷ്ടത്തിന്റെ തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ധനസഹായം നൽകുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കുമോ? | (ഡി) | കാലതാമസം പരമാവധി ഒഴിവാക്കാൻ ശ്രമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ